**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1869** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴി ഉൽപാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഇറച്ചിക്കോഴിയുടെ വലിയൊരു ഭാഗം അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2021 ഓഗസ്റ്റ് മാസത്തെ ചെക്ക് പോസ്റ്റുകളിലെ കണക്കുകൾ പ്രകാരം 2299227 എണ്ണം ഇറച്ചി കോഴികളാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വന്നിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾ രോഗവിമുക്തമാണെന്നും പക്ഷിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾക്കെതിരെയുള്ള വാക്സിൻ എടുത്തതാണെന്നും ഉറപ്പുവരുത്തുന്നതിന് ചെക്ക്പോസ്റ്റുകളിൽ ആവശ്യമായ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. നിലവിൽ സംസ്ഥാനത്തു മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ചെക്ക്പോസ്റ്റുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. സംസ്ഥാനത്തേക്കു കൊണ്ടു വരുന്ന പക്ഷി മൃഗാദികളിൽ നിലവിൽ ആരോഗ്യപരിശോധന നടത്തുകയും ആവശ്യം വരുന്ന മുറയ്ക്ക് ലാബ് ടെസ്റ്റ് നടത്തുകയും ചെയ്യുന്നു.പക്ഷി പനി പോലെയുള്ള രോഗ ബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളിൽ രോഗ നിരീക്ഷണവും രോഗ പരിശോധനയും കൂടുതൽ ശക്തമാക്കാറുണ്ട് |
| (സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ മാരകമായ ഹോർമോണുകൾ അടങ്ങിയിട്ടുണ്ട് എന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെക്ക്പോസ്റ്റുകളിൽ ആയത് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പ്രസ്തുത വാർത്തകൾ അടിസ്ഥാനരഹിതമാണ്. |
| (ഡി) | ഇറച്ചിക്കോഴിയുടെ ആഭ്യന്തര ഉൽപാദനവും വിപണനവും വർധിപ്പിക്കുന്നതിന് കെപ്കോ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് കർഷകർക്ക് സഹായ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി ഉൽപാദന കേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇവിടെനിന്നും വർഷം തോറും 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നു. അടുത്ത വർഷം മുതൽ ഇത് 20 ലക്ഷമായി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുറമെ കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്താനുള്ള ഒരു പദ്ധതിയും കെപ്കോ നടപ്പാക്കി വരുന്നു. കൂടാതെ ഇറച്ചിക്കോഴി വളർത്തലിൽ താൽപര്യമുള്ള കർഷകർക്ക് വേണ്ടി കോൺട്രാക്ട് ഫാമിംഗ് എന്ന പദ്ധതിയും കെപ്കോ നടപ്പാക്കുന്നുണ്ട്. കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കുടുബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി മൃഗസംരക്ഷണ വകുപ്പ് എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ടു ഇറച്ചിക്കോഴി ഉല്പാദനത്തിനും വിപണനത്തിനും വേണ്ടി കേരള സർക്കാർ കേരളചിക്കൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 2600 ചെറുകിട ബ്രോയിലർ ഫാമുകളെ കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, എന്നി ഏജൻസികൾ വഴി തിരഞ്ഞെടുത്തു 50,000/ -രൂപ വരെ ധനസഹായം നൽകുകയും, ഏജൻസികളുടെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ മിതമായ വിലയ്ക്ക അംഗങ്ങളായ കർഷകർക്ക് നൽകി അവരിൽ നിന്നും കോഴികുഞ്ഞുങ്ങൾ 38 ദിവസം പ്രായമാകുമ്പോൾ നല്ല വിലയ്ക്ക സമാഹരിച്ച എജൻസികളുടെ പ്രോസസ്സിംഗ് പ്ലാന്റുകളിൽ process ചെയ്തു മൃഗസംരക്ഷണ വകുപ്പിന്റെ ലാബിൽ പരിശോധിച്ച ആന്റിബയോട്ടിക്കുകളോ മറ്റ ഹാനികരമായ രാസപദാർത്ഥങ്ങളോ ഇല്ല എന്ന ഗുണനിലവാരം ഉറപ്പ വരുത്തി കോഴി ഇറച്ചിയായും value added chicken products ആയും പദ്ധതിയുടെ sales outlet വഴി വിപണിയിൽ എത്തിക്കുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കെപ്കോ, എം.പി.ഐ, കുടുംബശ്രീ, ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റി എന്നിവ വഴി നിലവിൽ 2600 ബ്രോയിലർ ഫാമുകളും, 240 sales outletകളും സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും sales outlet കളും വരുന്നത് വഴി കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലും വ്യാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ